**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2207** **09-02-2023 - ൽ മറുപടിയ്ക്ക്**

**പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള സൗജന്യറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന (പി.എം.ജി.കെ.എ.വൈ.) പ്രകാരമുള്ള സൗജന്യറേഷൻ കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം റേഷൻ ഗുണഭോക്താക്കൾക്കും റേഷൻ വ്യാപാരികൾക്കുമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (എ) | 2022 ഡിസംബർ 23-ലെ കേന്ദ്ര മന്ത്രിസഭായോഗം 2020 ഏപ്രിൽ മുതൽ രാജ്യത്ത് നടപ്പിലാക്കിവന്നിരുന്ന PMGKAY പദ്ധതി നിർത്തലാക്കുകയുണ്ടായി. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിയിലൂടെ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങളിൽപ്പെടുന്നവർക്ക് ഒരാൾക്ക് 5 കി.ഗ്രാം ഭക്ഷ്യധാന്യമെന്ന തോതിൽ സൗജന്യനിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമായിരുന്ന പദ്ധതി, കോവിഡ് -19 മഹാമാരിയ്ക്കെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2020 ഏപ്രിൽ മാസത്തിലാണ് ആരംഭിച്ചത്. 2020 ഏപ്രിൽ മുതൽ ഏഴ് പാദങ്ങളിലേക്കായി ദീർഘിപ്പിച്ച പ്രസ്തുത സൗജന്യധാന്യ വിതരണത്തിലെ ഏഴാം പാദ വിതരണം 2022 ഡിസംബർ മാസത്തിലാണ് അവസാനിച്ചത്.<br><br>2022 ഡിസംബറിനു ശേഷം പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ദീർഘിപ്പിക്കുന്നതു സംബന്ധിച്ചുള്ള യാതൊരു അറിയിപ്പും കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ല. ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും നൽകി വരുന്നത് തുടരുന്നുണ്ട്. |
| (ബി) | അഞ്ച് വർഷം മുൻപ് നടപ്പാക്കിയ റേഷൻ വ്യാപാരി വേതന പാക്കേജ് കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | റേഷൻ വ്യാപാരി വേതന പാക്കേജ് പരിഷ്കരണം നിലവിൽ പരിഗണനയിലില്ല. മാത്രവുമല്ല, 2020 ഏപ്രിൽ മാസം മുതൽ 2022 ഡിസംബർ മാസം വരെ നടപ്പിലാക്കിയ PMGKAYപദ്ധതിയിലൂടെ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ ഏകദേശം ഇരട്ടി തുക ലഭ്യമായിരുന്നു. |

സെക്ഷൻ ഓഫീസർ